## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

യു.ജി/പി.ജി. തലത്തിൽ റെഗുലർ പ്രൈവറ്റ് പരീക്ഷകളുടെ നടത്തിപ്പും ഫല പ്രഖ്യാപനവും - റെഗുലേഷനുകൾ രൂപീകരിക്കുന്നത് - സംബന്ധിച്ച്

യൂ.ഒ.നം: 5680/എസിഎ3/2/2017 പി. ഡി. ഹിൽസ്, തീയതി: 20.9.2017

സൂചന: 14.8.2017 ന് കൂടിയ പ്രത്യേക അക്കാഡമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ്

### ഉത്തരവ്

യു.ജി/പി.ജി. പ്രോഗ്രാമുകളുടെ സി.ബി.സി.എസ് 2016 റെഗുലേഷനുകൾ സർവ്വകലാശാലയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചപ്പോൾ പ്രൈവറ്റ് രജിസ്റ്റ്രേഷൻ വിദ്യാർത്ഥികൾക്ക് പ്രതികൂലമാകുമെന്ന് അവർ കരുതിയ ചില ക്ലോസുകൾ ഭേദഗതി ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ചില നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊണ്ടും പാരലൽ കോളേജ് അസ്സോസിയേഷൻ സംസ്ഥാന സെക്രട്ടറി സർവ്വകലാശാലയ്ക്ക് ഒരു കത്ത് നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, യു.ജി., പി.ജി. തലത്തിൽ റെഗുലർ, പ്രൈവറ്റ് പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും ഏകീകരിയ്ക്കുന്നത് പരിഗണിയ്ക്കുവാൻ യു.ജി./പി.ജി. ചെയർമാന്മാരുടെ കോർ കമ്മിറ്റിയ്ക്ക് സമർപ്പിയ്ക്കുവാൻ ഉത്തരവാകുകയുണ്ടായി. മേൽപറഞ്ഞ റെഗുലേഷനുകൾ ലാപ്സായിരിയ്ക്കുന്നതിനാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ നിറുത്തി വയ്ക്കുവാൻ പിന്നീട് ഉത്തരവാകുകയുണ്ടായി.

യു.ജി./പി.ജി തലത്തിൽ സിലബസ് പരിഷ്കരണവും അതോടനുബന്ധിച്ചുള്ള റെഗുലേഷൻ രൂപീകരണവും നടക്കുമ്പോൾ റഗുലർ, പ്രൈവറ്റ് പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ച റെഗുലേഷനുകൾ രൂപീകരിക്കുന്ന വേളയിൽ റെഗുലർ പ്രൈവറ്റ് സ്ട്രീമുകളുടെ ഏകീകരണം സംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ട തീരുമാനത്തിനായി ഫയൽ അക്കാഡമിക് കൗൺസിലിനു മുൻപാകെ 14.8.2017 ന് സമർപ്പിക്കുകയുണ്ടായി. ഈ യോഗം ടി വിഷയം മിനിട്ട്സ് ഇനം നം. 11/Ac.17/17184 പ്രാകാരം അക്കാഡമിക് കൗൺസിലിന്റെ സ്റ്റാൻറിങ് കമ്മിറ്റിയുടെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി സമർപ്പിക്കുവാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

ഒപ്പ്/-

അംബിക ആർ.

അസിസ്റ്റൻറ് രജിസ്ട്രാർ

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി./പി.വി.സി. എന്നിവരുടെ പി.എസ്.
2. രജിസ്ട്രാർ/കൺട്രോളർ എന്നിവരുടെ പി.എ.
3. എ.സി.സി. സെക്ഷൻ
4. സീ. എം. സെൽ
5. സ്റ്റോക്ക് ഫയൽ 6. ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

[ഫയൽ നം: SDE/PR1/1/01/2016]